"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് -CCTV സംവിധാനത്തിന്റെ 2024-25 കാലയളവിലെ സമഗ്ര വാർഷിക പരിപാലന കരാർ പുതുക്കുന്നതിന് - അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.198/2025/TAXES തീയതി,തിരുവനന്തപുരം, 05-03-2025

---

പരാമർശം:- സംസ്ഥാന ഭാഗ്യക്കുറി ഡയറകറുടെ 22.02.2025-ലെ SLTY/5263/2024-MOD2 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിലെ CCTV സംവിധാനത്തിന്റെ 2024-25 വർഷത്തെ സമഗ്ര വാർഷിക പരിപാലന കരാർ (CAMC) പുതുക്കുന്നതിന് പരാമർശത്തിലെ കത്ത് പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ശിപാർശ ലഭ്യമാക്കിയിരുന്നു. നിലവിലുള്ള കരാർ 20.11.2024-ന് അവസാനിച്ച സാഹചര്യത്തിൽ അത് പുതുക്കുന്നതിന് കെൽട്രോൺ ₹3,77,250/- രൂപയുടെ കരാർ ലഭ്യമാക്കിയിരുന്നുവെന്നും പിന്നീട് വകുപ്പുതല സാങ്കേതിക സമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടന്ന ചർച്ചയിൽ ഇത് ₹3,77,000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ടെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഈ സാഹചര്യത്തിൽ, 21.11.2024 മുതൽ 20.11.2025 വരെയുള്ള കാലയളവിലേയ്ക്ക് ₹3,77,000/- (മൂന്നു ലക്ഷത്തി എഴുപത്തി ഏഴായിരം രൂപ മാത്രം) ചെലവഴിച്ച് കെൽട്രോണുമായി CAMC-യിൽ ഏർപ്പെടുന്നതിനും ടി തുക 2075-00-103-94-99-IT എന്ന ശീർഷകത്തിൽനിന്ന് വഹിക്കുന്നതിനും അനുമതി നല്കണമെന്ന് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, 21.11.2024 മുതൽ 20.11.2025 വരെയുള്ള കാലയളവിലേയ്ക്ക് ₹3,77,000/- (മൂന്നു ലക്ഷത്തി എഴുപത്തി ഏഴായിരം രൂപ മാത്രം) ചെലവഴിച്ച് കെൽട്രോണുമായി CAMC-യിൽ ഏർപ്പെടുന്നതിനും ടി തുക 2075-00-103-94-99-IT എന്ന ശീർഷകത്തിൽ നിന്ന് വഹിക്കുന്നതിനും സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വന്ദന എസ് കെ എ എസ്
അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) തിരുവനന്തപുരം
3. നോഡൽ ഓഫീസർ, സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ്, തിരുവനന്തപുരം (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
4. വിവര പൊതുജനസമ്പർക്ക (വെബ്& ന്യൂ മീഡിയ) വകുപ്പ്
5. സ്റ്റോക്ക് ഫയൽ (TAXES-H1/50/2025-TAXES )

ഉത്തരവിൻ പ്രകാരം

Signed by
Kabeer. C. A
Date: 05-03-2025 16:31:49
സെക്ഷൻ ഓഫീസർ